# JINNS & MEN FROM SURAH AR-RAHMAN
## ജിന്നുകളും മനുഷ്യരും സൂറ: അർറഹ്മാനിൽ

*(Recently a muslim brother from India put forward a request to Hazrat Khalifathullah for exposition concerning the gardens as mentioned in chapter 55 of the Holy Quran. In connection with the issue, the Khalifathullah (ATBA) turned in prayer to Allah and the following explanations in English ensued. The explanation include a short commentary of Surah Ar- Rahman the Jinns & the Gardens which form the subject matter of the Surah.)*

സൂറ: അർറഹ്മാൻ അല്ലാഹു (ത) യുടെ സമ്പൂർണ്ണ അധികാരത്തെപ്പറ്റിയാണ് പ്രധാനമായും പ്രതിപാദിക്കുന്നത്. അവന്റെ അനുകമ്പയും ഔദാര്യവും മനുഷ്യലോകത്തിനു മാത്രമല്ല ജിന്നു ലോകത്തിനും ലഭ്യമാണ്. മാനവലോകത്ത് ജിന്നുകളും സഹവസിച്ചു കഴിയുന്നു. ജിന്നുകളെ നഗ്നനേത്രങ്ങൾ കൊണ്ട് വീക്ഷിക്കാവതല്ല. അദൃശ്യമായ ഒരു മറയാൽ മനുഷ്യരെയും ജിന്നുകളെയും, തമ്മിൽ വേർതിരിച്ചു നിർത്തുന്നു. അങ്ങനെ രണ്ടു സൃഷ്ടികളും സഹവർത്തിച്ചു കഴിയുന്നു. ഈ രണ്ടു വിഭാഗം ജീവികൾക്കും മരണമുള്ളതാകുന്നു.

### മനുഷ്യൻ മരിക്കുന്നതെങ്ങനെ ?

മണ്ണുകൊണ്ടും ജലം കൊണ്ടും സൃഷ്ടിക്കപ്പെട്ട ശരീരത്തിൽ നിന്ന് ആത്മാവ് പിരിയുന്നതോടെ മനുഷ്യനു മരണം സംഭവിക്കുന്നു.

### ജിന്നുകൾ മരിക്കുന്നതെങ്ങനെ ?

നേരെമറിച്ച്, ജിന്നുകൾ തീയ്യാൽ നിർമ്മിതമായ ഒരു ശരീരത്തിൽ വസിച്ചശേഷം, അതിന് സൗഖ്യമായി കഴിയാൻ പറ്റുന്ന മറ്റൊരു ശരീരത്തിലേക്ക് (മരണശേഷം) പ്രവേശനം ലഭിക്കുന്നു. ആയതിനാൽ സർവ്വശക്തനായ അല്ലാഹുവിന്റെ ഈ രണ്ടു വർഗ്ഗത്തിലുള്ള ജീവികൾക്കും അവൻ അറിവ് പ്രദാനം ചെയ്തിരിക്കുന്നു. ആയതിനാൽ ഇരുകൂട്ടർക്കും ദൈവത്തിലേക്ക് ചേരുവാനും, ദൈവത്തെ അംഗീകരിക്കുവാനും കഴിയുന്നു.

### മനുഷ്യനും ജിന്നിനും അതിരറ്റ പ്രതിഫലങ്ങൾ നേടാൻ കഴിയും.

തെറ്റുകളെ മാറ്റി നിർത്തിയിട്ട്, നാംചിന്തിച്ചാൽ, സൂറ: അർറഹ്മാനിലൂടെ അല്ലാഹു നമുക്ക് വെളിപ്പെടുത്തിത്തരുന്നത്, ഈ രണ്ടു വിഭാഗവും ദൈവീക കല്പനകളെ അനുസരിക്കുകയും, അല്ലാഹുവിന്റെ ദൂതന്മാരെ അവർക്കായി അവൻ നിയോഗിക്കുമ്പോൾ, വിശ്വസിക്കുകയും അനുസരിക്കുകയും ചെയ്താൽ അവർക്ക് കണക്കറ്റ പ്രതിഫലങ്ങൾ നേടുവാൻ കഴിയുന്നതാണ്.

### സുലൈമാൻ നബി (അ) ക്ക് ജിന്നുകളുടെ മേൽ ഉണ്ടായിരുന്ന അധികാരം

സുലൈമാൻ നബി (സ) ന് ജിന്നുകളുടെ മേൽ ഉണ്ടായിരുന്ന ആധിപത്യത്തെക്കുറിച്ച് വിശുദ്ധ ഖുർആൻ സൂചിപ്പിക്കുന്നത് ഒരുദാഹരണമാണ്. ഒരു പ്രവാചകനെന്ന നിലയിൽ ജിന്നുകളെ കാണുവാനും അവരോട് ആജ്ഞാപിക്കുവാനുമുള്ള പ്രത്യേക കഴിവ് അല്ലാഹു അദ്ദേഹത്തിന് നല്കുകയുണ്ടായി. അതുമാത്രമല്ല, വിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) കുറെ ജിന്നുകളെ അഭിമുഖീകരിച്ച് പ്രബോധനം നല്കുകയുണ്ടായി. എന്നാൽ അദ്ദേഹം ഉപദേശിച്ച കാര്യങ്ങൾ അവർ ശ്രദ്ധിച്ചിരുന്നോ എന്ന് അദ്ദേഹത്തിന്നറിയില്ലായിരുന്നു. ഇതു സംബന്ധമായി അല്ലാഹു (ത) ഒരു സൂറ: അവതരിപ്പിച്ചു. അവരുടെ (ജിന്നുകളുടെ) നിലനില്പിനെക്കുറിച്ചും, അവരുടെ പ്രവർത്തനോത്സാഹത്തെകുറിച്ചും, അല്ലാഹുവിനെയും അവന്റെ ദൂതന്മാരെയും അനുസരിക്കുന്നതിനെക്കുറിച്ചും മറ്റും വെളിച്ചം വീശുകയുണ്ടായി.

ആയതിനാൽ, നമുക്ക് അറിവ് ലഭിച്ചിരിക്കുകയാണ്, മനുഷ്യരെ പോലെ ജിന്നുകൾക്കും ദേഹേച്ഛകൾക്കെതിരിൽ പൊരുതുവാനുള്ള കഴിവുണ്ടെന്നും ആത്മാക്കളുടെ ലോകത്തിൽ പ്രവേശിക്കുവാനും സമാധാനത്തോടെ കഴിയുവാനും സാധിക്കുന്നതാണ് എന്ന്. മനുഷ്യരുടെ വഫാത്തിനുശേഷം ഒരു പുതിയ ശരീരം മനുഷ്യർക്ക് ലഭിക്കുന്നതുപോലെ ജിന്നുകൾക്ക് അവരുടെ മരണശേഷം പ്രകാശത്താൽ ഒരു ശരീരം ലഭ്യമാകുന്നതാണ്. അവർ ഇരുകൂട്ടരും എല്ലായ്പോഴും അല്ലാഹുവിനുമാത്രം കീഴടങ്ങുകയും, അല്ലാഹുവിൽ മാത്രം പ്രതീക്ഷ അർപ്പിച്ചിരിക്കുന്നവരുമാകുമ്പോഴാണ് ഇരുകൂട്ടർക്കും ഇവ ലഭ്യമാകുന്നത്.

ദൈവീക വാഗ്ദാനത്തിന്റെ സുരക്ഷിതത്വം ശക്തിപ്പെടുത്തുന്നതിനാണ് സൂറ: അർറഹുമാൻ ശ്രമിക്കുന്നത്. അല്ലാഹുവിന്റെ പാതയിൽ ചെയ്ത മനുഷ്യന്റെ ഓരോ പ്രയത്നത്തിനും, ഓരോ ചവിട്ടടിയ്ക്കും, സർവ്വശക്തനായ അല്ലാഹു അവർക്ക് പ്രതിഫലം നല്കുന്നതാണ്. എത്രത്തോളം പ്രയത്നിക്കുന്നുവോ അത്രത്തോളം പ്രതിഫലവും ലഭിക്കുന്നതാണ്.

## <u>സൂറ: അർറഹ്മാനിലെ ആരാമങ്ങൾ – ഒരു വിശദീകരണം</u>

ഉദാഹരണമായി പറഞ്ഞാൽ, രണ്ട് ആരാമങ്ങൾ നില നില്ക്കുന്നതായി അല്ലാഹു (ത) വെളിപ്പെടുത്തുന്നു. രണ്ടിൽ കൂടുതലും പറയാനുണ്ട്. മനുഷ്യർക്കും ജിന്നുകൾക്കും ആത്മീയമായി പുരോഗതി പ്രാപിക്കുവാൻ എല്ലാ കാലത്തും പ്രതീക്ഷ നല്കുന്നതാണത്. അവസാന വിശ്രമ സ്ഥലത്തിനും അപ്പുറത്തേക്ക്. അല്ലാഹുവിന്റെ മാർഗ്ഗത്തിലെ പ്രയത്നങ്ങൾ എത്രത്തോളം മഹത്തരമാകുന്നുവോ, അപ്പോൾ, അല്ലാഹു (ത) അവരെ പരിപൂർണ്ണമായ സമാധാന സ്ഥലങ്ങളിലേക്ക് വീണ്ടും വീണ്ടും ഉയർത്തുന്നതിന് കഴിവുള്ളവനാണ്; എവിടെയാണോ യാതൊരു പ്രയാസവും നില നില്ക്കാത്തത് അവിടേക്ക്....

ഈ രണ്ടു ജീവികളോടുമുള്ള (മനുഷ്യൻ, ജിന്നുകൾ) അല്ലാഹുവിന്റെ സ്നേഹത്തിന്റെ ആഴത്തെ സൂചിപ്പിക്കുന്നതുമാണ് ഈ രണ്ട് ആരാമങ്ങൾ. ആരാമം പ്രതിനിധാനം ചെയ്യുന്നത് ദൈവീക വാഗ്ദാനത്തിന്റെ ഉറപ്പായ അവസ്ഥയാണ്.ആരാമത്തിലെ വേരുറപ്പുള്ള വൃക്ഷങ്ങൾ പോലെ. ആ ആരാമങ്ങൾ രണ്ടുവിഭാഗം ജീവികളുടെയുടെ പ്രതീക്ഷകളാണ്. ഈ രണ്ട് ആരാമങ്ങൾ അവർക്കു സൗഖ്യം പ്രദാനം ചെയ്യുന്നതാണ്. ആലങ്കാരികമായി പറഞ്ഞാൽ, ആ രണ്ട് ഹൃദയങ്ങളിൽ, അല്ലാഹുവിന്റെ സ്നേഹം ഫലരൂപത്തിൽ, കണ്ടെത്തുന്നതാണ്. ആയതിനാൽ, മനുഷ്യരുടെയും ജിന്നുകളുടെയും ഹൃദയങ്ങളിൽ, അവർ സ്വയം പറയുന്നുണ്ടാവും, ആ ആരാമങ്ങൾ, അല്ലാഹുവിന്റെ പക്കൽനിന്നുള്ള പാരിതോഷികങ്ങളാണ് എന്ന്.

## <u>വിവിധ തട്ടുകളിൽ</u>

ഇക്കാരണത്താൽ മനുഷ്യരും ജിന്നുകളും പ്രത്യേകം ആരാമങ്ങളിലുമായിരിക്കും. മാത്രമല്ല അവർ അനുഗ്രഹങ്ങളുടെ വിവിധ തട്ടുകളിലുമായിരിക്കും, ആത്മീയതയിൽ ഔന്നത്യം പ്രാപിച്ചവർ, അവരുടെ ആരാമം കൂടുതൽ ഫലസമൃദ്ധിയിലിയിരിക്കും, അവരുടെ ഹൃദയങ്ങളിലെ നന്മയുടെ പ്രതിബിംബമാണ് അവരുടെ ആരാമങ്ങൾ. ഈ ആരാമങ്ങളുടെ ഉടമസ്ഥർ അവർ തന്നെ ആയിരിക്കും; കാരണം എല്ലാത്തിന്റെയും പരമാധികാരിയും ഉടമസ്ഥനുമായ അല്ലാഹു അവർക്കായി കല്പിച്ചതാണ്; അവന്റെ അടിമകളോട് ചിലത് ചെയ്യാൻ പറഞ്ഞു. നരകത്തിന്റെ അടിത്തട്ട് വരെ ഇളക്കിമാറ്റുവാനുള്ള പോരാട്ടത്തിൽ അവർ കഠിനമായി യത്നിച്ചു; കാരണം നരകം അവരുടെ എല്ലാം ശത്രുവായിരുന്നു. ഇബ്‌ലീസും പിശാചിന്റെ സൈന്യവും അവരും പരിശ്രമിച്ചു. കാരണം ഇബ്‌ലീസിനും ഒരു സമയം അനുവദിച്ചിട്ടുണ്ട്. മനുഷ്യരിലും ജിന്നുകളിലും ഉള്ള വിശ്വാസികളുടെ വിശ്വാസത്തെ വെല്ലുവിളിച്ചുകൊണ്ട് പൈശാചിക ശക്തികളും അവരുടെ പ്രയത്നം തുടർന്നു.

## <u>ഇബ്‌ലീസ് ഒരു ജിന്നായിരുന്നു</u>

ഇതുവരെ പറഞ്ഞതെന്തെല്ലാമായാലും ശരി, ഇബ്‌ലീസ് ഒരു ജിന്നായിരുന്നു. അവനെ തീ കൊണ്ട് സൃഷ്ടിക്കപ്പെട്ടതാണ്. എന്നിരുന്നാലും അവനും നരകശിക്ഷ അനുഭവിക്കുവാൻ പോകേണ്ടിവരും. ആയതിനാൽ ഓരോ നൂറ്റാണ്ടിലെയും ഇബ്‌ലീസുകൾ, ഓരോ നൂറ്റാണ്ടിലേയും ആദംമാരെ വഴി തെറ്റിക്കുവാൻ വീണ്ടും വീണ്ടും പ്രത്യക്ഷപ്പെടുന്നതാണ്. എന്നാൽ മനുഷ്യരിലും ജിന്നുകളിലുമുള്ള വിശ്വാസികളുടെ

സംഘം/സൈന്യം അല്ലാഹുവിന്റെ ദൂതനുമായി ചേർന്ന് അവരെ നേരിടുന്നതാണ്. അങ്ങനെ ആ സത്യവിശ്വാസികളുടെ മഹത്വം ക്രമേണ ഉയരുന്നതാണ്. അങ്ങനെ അവർ സംശുദ്ധമായ ദൈവീക തൃപ്തിയുടെ ലോകത്തേക്ക് പ്രവേശിക്കുന്നതാണ്. അവിടെ അവരുടെ ഇഷ്ടം ദൈവത്തിന്റെ ഇഷ്ടമായിരിക്കും. ദൈവത്തിന്റെ ഇഷ്ടം അവരുടെ ഇഷ്ടവുമായിരിക്കും.

**ജിന്നുകളെക്കാൾ സ്ഥാനം മനുഷ്യർക്ക്**

ശ്രദ്ധിക്കേണ്ട മറ്റൊരുകാര്യം അല്ലാഹുവിന്റെ ദൃഷ്ടിയിൽ ജിന്നുകളെക്കാൾ സ്ഥാനം മനുഷ്യർക്കാണുള്ളത്, അതുകൊണ്ടാണ് അല്ലാഹു തന്റെ ദൂതന്മാരെ മനുഷ്യരിൽ നിന്ന് തെരഞ്ഞെടുക്കുന്നത്; ജിന്നുകളിൽ നിന്നല്ല.

**ജിന്നുകളുടെ മുഖ്യനേതാവ്**

ജിന്നുകളുടെ മുഖ്യനേതാവായ ഇബ്‌ലീസിനെ, അവന്റെ ജീവിത കാലത്ത് അല്ലാഹു പരീക്ഷിച്ചപ്പോൾ, അപ്പോൾ അവൻ, മനുഷ്യനോട് ഗർവും, വെറുപ്പും കാണിച്ചു. ദൈവീക ചൈതന്യത്തിന്റെ വാഹകനാണ് എന്ന അഹന്ത അവനെ മഥിച്ചു. അങ്ങനെ അവൻ അസൂയ, ധിക്കാരം, ശത്രുത എന്നിവയാകുന്ന വേദനയിൽ ആപതിച്ചു.

ഒരു താത്ക്കാലിക കാലയളവിൽ പ്രയാസങ്ങൾ അനുഭവിച്ചറിയുന്നതിന് വേണ്ടി, പരിപൂർണ്ണമായ ദൈവീക സൗഭാഗ്യത്തിൽ നിന്നും മനുഷ്യരെ പുറത്താക്കിയതിന് ഉത്തരവാദി ആദം ആയിരുന്നുവെങ്കിൽ; മനസ്സിലാക്കുക, മനുഷ്യനോടൊപ്പം ജിന്നുകളേയും പുറത്താക്കുകയുണ്ടായി. എന്നാൽ ദൈവീക വചനത്തിന്റെ വാഹകൻ മനുഷ്യനാണ്. അല്ലാഹു നല്കിയ വചനം കൊണ്ട് അല്ലാഹു ജിന്നുകളെ എപ്പോൾ പരീക്ഷണ വിധേയമാക്കണമെന്നു കരുതുന്നുവോ, അപ്പോൾ മനുഷ്യരെക്കൊണ്ടായിരിക്കും അവൻ ജിന്നുകളെ പരീക്ഷിക്കുന്നത്. ഇതിന്റെ കാരണം, ഇബ്‌ലീസിലെ സാത്താൻ, അതിന്റെ പ്രാരംഭ പ്രകടനം നടത്തുന്നത് തീയാൽ സൃഷ്ടിക്കപ്പെട്ട ജീവിയായ ജിന്നിലൂടെയാണ്. എന്നാൽ മനുഷ്യൻ ജീവിയായിമാറുന്നത്, അല്ലാഹുവിന്റെ ചൈതന്യം അവനിലേക്ക് നിക്ഷേപിക്കുന്നതിലൂടെയാണ്. അങ്ങനെ മനുഷ്യനിലൂടെ അല്ലാഹു ജിന്നുകളെ പരീക്ഷിക്കുന്നു; അവർ (ജിന്നുകൾ) ഇബ്‌ലീസിലൂടെ പ്രകടമാക്കിയ പഴയ ശത്രുത അതേപടി തുടരുന്നുവോ, അതോ അതിനുമാറ്റം സംഭവിച്ചുവോ, അതല്ല അവർ അല്ലാഹുവിന്റെ ഇംഗീതത്തിന് പൂർണ്ണമായും സമർപ്പിച്ചുവോ എന്നറിയുവാനുള്ള പരീക്ഷണം തുടർന്നുകൊണ്ടിരിക്കുന്നു.

**ജിന്നുവർഗ്ഗം രണ്ടായി പിരിയുന്നു**

ഇക്കാരണത്താൽ ജിന്നുവർഗ്ഗവും രണ്ടായി പിരിഞ്ഞിരിക്കുന്നു. അതായത് നല്ല പ്രകൃതക്കാരായ ജിന്നുകളും, മോശം പ്രകൃതക്കാരായ ജിന്നുകളും. നല്ലവരായ ജിന്നുകൾ, പ്രാരംഭ ദശയിൽ ഇബ്‌ലീസിലൂടെ പ്രകടമാക്കിയ ശത്രുതയ്ക്കെതിരിൽ പോരാടുവാൻ തയ്യാറുള്ളവരാണ്. ആയതിനാൽ അവർ ചരിത്രം വീണ്ടും ആവർത്തിക്കുകയില്ല. അല്ലാഹുവിന്റെ ശിക്ഷയ്ക്ക് ആദ്യകാലത്ത് ഇരയായി തീർന്നവരെപോലെ; അവർ ശിക്ഷാപാത്രങ്ങളായി തീരുകയുമില്ല.

ആയതിനാൽ, എപ്പോൾ മനുഷ്യരിൽ നിന്ന് ഒരു ദൂതൻ ആഗതരായിരിക്കുന്നു എന്നറിയുന്നുവോ, അപ്പോൾ, അവർ പൂർണ്ണമായും അല്ലാഹുവിന്റെ ഇംഗിതത്തിനു വിധേയരാവുന്നു. അത്തരത്തിലുള്ള ജിന്നുകൾ വളരെ വലിയ ദൈവീക അനുഗ്രഹത്തിന് പാത്രമായിതീരുന്നു. അങ്ങനെ അവർക്ക് പരിശുദ്ധമായ ആത്മാവ് കരസ്ഥമാകുന്നു. ആ ആത്മാവിന് സ്വർഗ്ഗത്തിലേക്ക് പ്രവേശനം ലഭിക്കുന്നു; അനന്ത ജീവിതാരാമത്തിലേക്കുള്ള പ്രവേശനം എളുപ്പമായിതീരുന്നു.

അവർക്ക് സ്വയം നന്നാകുവാനുള്ള ഒരു മാധ്യമത്തെ പ്രതിനിധാനം ചെയ്യുകയാണ് ആരാമങ്ങൾ; സ്ഥാനോന്നതിക്കുമേൽ സ്ഥാനോന്നതി, അങ്ങനെ പരിപൂർണ്ണമായ ഒരു അവസ്ഥയിൽ എത്തിച്ചേരുന്നു. മാലാഖമാർക്ക് സമാനരായി. അങ്ങനെ മരണാനന്തരജീവിതത്തിൽ അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കി മനുഷ്യരോടൊത്തു ദൈവീകാനുഗ്രഹം പങ്കുവെയ്ക്കുവാനും സാധിക്കുന്നു.

**<u>ഇബ്‌ലീസിന്റെ സൃഷ്ടിപ്പ്</u>**

വിശുദ്ധഖുർആൻ പറയുന്നു.

**“നിങ്ങൾ ആദമിന് വഴിപ്പെടുക എന്ന് മലക്കുകളോട് നാം പറഞ്ഞ സന്ദർഭം (സ്മരിക്കുക) അപ്പോൾ അവർ വഴിപ്പെട്ടു. പക്ഷേ, ഇബ്‌ലീസ് (വഴിപ്പെട്ടില്ല) അവൻ വിസമ്മതിക്കുകയും അഹങ്കരിക്കുകയും ചെയ്തു. അവൻ നിഷേധികളിൽപ്പെട്ടവനായിരുന്നു”** 2:35

ഇബ്‌ലീസിന്റെ സൃഷ്ടിപ്പിനെ പറ്റിയാണ് ഈ വചനം സൂചിപ്പിക്കുന്നത്. അവൻ ഒരു ജിന്നാണ്; അഗ്നിയാൽ സൃഷ്ടിക്കപ്പെട്ടവനാണ്. മലക്കുകളെ സൃഷ്ടിച്ചിരിക്കുന്നത് പ്രകാശത്താലുമാണ്. ആയതിനാൽ ജിന്നുകളും മലക്കുകളും വെവ്വേറെതന്നെയാണ്. എന്നാൽ ഈ ദൈവീക കല്പന അരുൾ ചെയ്യുമ്പോൾ, ഖുർആൻ പറയുന്നത്, എല്ലാ മലക്കുകളും വഴിപ്പെട്ടു. ഇബ്‌ലീസ് ഒഴികെ. ഇത് അർത്ഥമാക്കുന്നത് ആ സമയത്ത് ഇബ്‌ലീസിന്റെ, അതായത് ആ ജിന്നിന്റെ പദവി, വളരെ വലുതായിരുന്നു. മാലാഖമാരുടെ ഗുണഗണങ്ങളാൽ സമ്പന്നമായിരുന്നു.

**<u>മനുഷ്യ സൃഷ്ടിയും ഖലീഫ നിയോഗവും</u>**

എന്നാൽ അല്ലാഹു മനുഷ്യനെ സൃഷ്ടിച്ചപ്പോൾ, ചില പ്രത്യേക ഉദ്ദേശങ്ങളോടെ തന്റെ ഖലീഫയെ നിയോഗിച്ചപ്പോൾ, തന്റെ നിലവിലുള്ള ജീവികളെ പരീക്ഷിക്കുവാൻ അല്ലാഹു ഉദ്ദേശിച്ചു. അതായത് ജിന്നുകളേയും, മാലാഖമാരേയും, അപ്പോൾ ഇബ്‌ലീസ് ഒഴികെ മറ്റെല്ലാവരും വഴിപ്പെട്ടു. ഇതു സൂചിപ്പിക്കുന്നത് ജിന്നുകളുടെ സ്ഥാനവും ആ സമയത്ത് മാലാഖമാരെപോലെയായിരുന്നു. അല്ലാഹുവിനെതിരിൽ ശത്രുതഭാവത്തോടെ ആ സമയം വരെയും ഇബ്‌ലീസ് പ്രവർത്തിച്ചിരുന്നില്ല എന്നു സാരം.

**<u>അല്ലാഹു തെരഞ്ഞെടുക്കുന്നവർക്ക് അവന്റെ അറിവിന്റെ ചില ഭാഗങ്ങൾ നൽകുന്നു</u>**

എല്ലാം നന്നായി അറിയുന്നവൻ അല്ലാഹുമാത്രമാണ്. <u>അവൻ തെരഞ്ഞെടുക്കുന്നവർക്ക്, അവന്റെ അറിവിന്റെ ചിലഭാഗങ്ങൾ നല്കുന്നു.</u> അത് കൊണ്ട്, വിശ്വാസികൾക്ക് ഈ അറിവുകൾ അവരുടെ വിശ്വാസത്തിന് മാറ്റുകൂട്ടും. അങ്ങനെ അവർക്ക് സ്വയം പൂർണ്ണതയിലെത്തുവാൻ കഠിനമായി പരിശ്രമിക്കുവാൻ സാധിക്കുന്നതാണ്. എല്ലാ ഓരോരുത്തർക്കും അവരവരുടെ വിശ്വാസത്തെ സംരക്ഷിക്കുന്നതിനുള്ള, ഒരു ഗുണപാഠംകൂടിയാണ്; കാരണം ഏതു സമയവും അല്ലാഹു അവർക്കു നല്കിയ വിശ്വാസ നിധിയിൽ നിന്ന് വഴുതിപ്പോകാം.

സർവ്വലോകരക്ഷിതാവായ അല്ലാഹുവിനുമാത്രമാണ് സർവ്വ സ്തുതിയും

**03 March / 01 Jamadul Awwal 1435 AH**

***Munir Ahmad Azim***
***The Messenger of Allah***
***Jamaat-ul-sahih-al-islam***

Translated & Issued By
***R. Jamaludin Raother***
***Amir***

*Jamaat-Ul-Sahih-Al-Islam, Kerala*
*Ph: 9447001832 / 0475 2220223*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*
*email : muhyiuddin@jamaat-ul-sahih-al-islam.com*